# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:2037** 05/12/2018 **ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) നിർദ്ധനരായ രോഗികൾക്കും കുടുംബത്തിനും വളരെ ആശ്വാസമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം ഗുണഭോക്താവിന്റെ കൈയ്യിലെത്താനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജ്, താലൂക്ക്, കളക്ടറേറ്റുകളിൽ ഇപ്പോഴുണ്ടാകുന്ന കാലദൈർഘ്യം കുറച്ച് പദ്ധതിയുടെ ഗുണം കൂടുതൽ വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫയലുകളിന്മേൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

(എ) & (ബി) & (സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് വരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺ ലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങളുടെയും ബാങ്ക് അക്കൗണ്ട് അടക്കമുള്ള രേഖകളുടെയും സത്യസന്ധതയും ആധികാരികതയും അന്വേഷണം നടത്തി ഉറപ്പു വരുത്തുന്നതിനും എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ ആയത്

അപേക്ഷകനുമായി ബന്ധപ്പെട്ട് തിരുത്തി സമർപ്പിക്കുന്നതിനും തുക നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട് . മതിയായ രേഖകൾ പരിശോധിച്ച് 10,000 രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്

Smitha. A.S.

**സെക്ഷൻ ഓഫീസർ**